


**സ്വാശ്രയമായ ജീവിതാവസ്ഥ ഉണ്ടാക്കിയെടുക്കാൻ ഭൂമി അത്യാവശ്യമാണ്. ഭൂമിയില്ലാത്തവരാണ് ചൂഷണം നേരിടുന്നവരിൽ അധികവും. അത് തിരിച്ചറിയാനും അംഗീകരിക്കാനും പ്രായോഗികമായ നടപടികളെടുക്കാനും രാഷ്ട്രീയ നേതൃത്വങ്ങൾ തയ്യാറാകുമ്പോൾ മാത്രമാണ് ഭൂമിപ്രശ്നം പരിഹരിക്കപ്പെടുന്നതെന്ന്**

**സി.കെ. ജാനു**

# ഭൂമി നൽകി പുനരധിവസിപ്പിക്കുക

**കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഗോത്രമഹാസഭ യു.ഡി.എഫിനെ പിന്തുണയ്ക്കാൻ എന്താണ് കാരണം? മുത്തങ്ങ സംഭവത്തിന് ശേഷം ആദിവാസി വിഭാഗങ്ങൾക്ക് അനുകൂലമായി എന്തെങ്കിലും തീരുമാനങ്ങൾ യു.ഡി.എഫിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ടോ? അതോ ഇടതുപക്ഷത്തോടുള്ള വിരോധമാണോ പ്രകടിപ്പിക്കുന്നത്?**

മുത്തങ്ങ സംഭവത്തിന് ശേഷം ആദിവാസി പ്രശ്നങ്ങളോട് എന്തെങ്കിലും ആത്മാർത്ഥത കാണിച്ച മുന്നണി യു.ഡി.എഫ് മാത്രമാണ്. ഞങ്ങൾക്ക് അനുകൂലമായ പല തീരുമാനങ്ങളും അവരുടെ ഭാഗത്ത് നിന്നുമുണ്ടായി. ചരിത്രത്തിലാദ്യമായി ആദിവാസികളുടെ ഇടയിൽ നിന്നും ഒരു വനിതാമന്ത്രിയെ കണ്ടെത്താനും ഇപ്പോൾ യു.ഡി.എഫിന് കഴിഞ്ഞിരിക്കുന്നു. ആദിവാസികൾക്ക് അനുകൂലമായ തീരുമാനങ്ങളൊന്നും എടുക്കാൻ അച്യുതാനന്ദൻ സർക്കാറിന് കഴിഞ്ഞില്ല. മുഖ്യമന്ത്രിയായിരുന്ന കാലത്ത് രണ്ട് തവണ അദ്ദേഹത്തെ നേരിൽ കാണുകയും ഫോറസ്റ്റ് കേസ് ഉൾപ്പെടെയുള്ള എല്ലാ കേസുകളും പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തതാണ്. എന്നാൽ അതിനുള്ള നടപടികളൊന്നുമുണ്ടായില്ല. മുത്തങ്ങയിൽ പോലീസ് പീഢനത്തിന് ഇരകളായവർക്ക് ഒരു പാക്കേജ് നടപ്പിലാക്കണമെന്ന ഞങ്ങളുടെ ആവശ്യവും ഇടതുസർക്കാർ തള്ളി. മുത്തങ്ങ കേസുകൾ പിൻവലിക്കാൻ യുഡിഎഫ് സർക്കാർ ഇപ്പോൾ തയ്യാറായിട്ടുണ്ട്.

**ആദിവാസി മേഖലയിൽ സർക്കാർ എന്തെല്ലാമാണ് ഇനി ചെയ്യേണ്ടത്?**

വയനാട്ടിലെ ആദിവാസി കോളനികളുടെ അവസ്ഥ ഭീകരമാണ്. ദാരിദ്ര്യവും രോഗങ്ങളും കാരണം നിരവധി പേർ പൊറുതിമുട്ടുന്നുണ്ട്. കോളറ മരണമെല്ലാം സംഭവിക്കാൻ കാരണം അതാണ്. പകർച്ചവ്യാധികൾ തടയാനുള്ള ചില മരുന്നുകൾ കൊടുക്കുക, ഒരു ദിവസത്തെ ശുചിത്വപരിപാടി നടത്തുക തുടങ്ങിയ കാ

...ര്യങ്ങൾ മാത്രമാണ് ഇതിന്റെ പരിഹാരമായി സർക്കാർ കോളനികളിൽ ചെയ്യുന്നത്. അത് ശരിക്കും ഒന്നിനും പരിഹാരമാകുന്നില്ല. കോളനി എന്ന സംവിധാനം തന്നെ ഇല്ലാതാകുമ്പോഴാണ് പകർച്ചവ്യാധികളും ദാരിദ്ര്യവും എല്ലാം അവസാനിക്കുന്നത്. അത് തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രവർത്തനങ്ങൾ സർക്കാറിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുമെന്നാണ് ഇപ്പോൾ ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അടിസ്ഥാന ജീവിത സൗകര്യങ്ങൾ പോലുമില്ലാതെ കോളനികളിൽ കഴിയുന്ന ആദിവാസികളെ ഭൂമി നൽകിക്കൊണ്ട് പുനരധിവസിപ്പിക്കുമെന്നും ഞങ്ങൾ കരുതുന്നു. ഭൂമി നൽകി പുനരധിവസിപ്പിക്കുക എന്നതാണ് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം. പല സ്ഥലങ്ങളിലും പട്ടയ വിതരണം നടക്കുന്നുണ്ടെങ്കിലും സമഗ്രമായ ഒരു പുനരധിവാസ പാക്കേജിന്റെ അഭാവം എല്ലായിടത്തും കാണാൻ കഴിയും.



### ആദിവാസി വിഭാഗത്തിൽ നിന്നും ഒരു മന്ത്രിയുണ്ടായത് പ്രതീക്ഷ നൽകുന്നുണ്ടോ? ജയലക്ഷ്മി മന്ത്രിയാകുന്നതിൽ ഗോത്രമഹാസഭയ്ക്ക് പങ്കുണ്ടോ?

മന്ത്രിയുണ്ടായത് പ്രതീക്ഷയുള്ള കാര്യമാണ്. ആദിവാസികൾക്ക് വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് താത്പര്യമുള്ള ആളാണ് ജയലക്ഷ്മി. ഭരണസംവിധാനം ബ്യൂറോക്രാറ്റുകളുടെ കയ്യിലാണ് ഇപ്പോഴും നിലനിൽക്കുന്നത് എന്നതാണ് ഞങ്ങൾക്ക് ഇപ്പോഴുള്ള  ആശങ്ക. ആദിവാസി വിരുദ്ധ മനോഭാവമുള്ളവരാണ് ബ്യൂറോക്രസിയിൽ അധികവും. മന്ത്രി പലതും ചെയ്യാൻ ശ്രമിച്ചാലും ഇവർ തടസ്സമാകാൻ സാധ്യതയുണ്ട്. ജയലക്ഷ്മിയെ മന്ത്രിയാക്കുന്നതിനായി നല്ല പരിശ്രമം ഞങ്ങൾ നടത്തി. കേരളത്തിലെ യു.ഡി.എഫിന് ജയലക്ഷ്മി മന്ത്രിയാക്കണമെന്നോ ആദിവാസി വിഭാഗത്തിൽ നിന്നും ഒരു മന്ത്രി വേണമെന്നോ വലിയ താത്പര്യം ഉണ്ടായിരുന്നില്ല. പുറത്തുള്ള കുറേ നല്ല മനുഷ്യരുടേയും ഞങ്ങളുടെയും സമ്മർദ്ദത്തിന്റെ ഫലമായി ജയലക്ഷ്മി മന്ത്രിയാവുകയായിരുന്നു.

### ആറളത്തെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

ഭൂമി കൊടുത്തതിനൊപ്പം പുനരധിവാസ പാക്കേജ് നടപ്പിലാക്കാത്തതിന്റെ പ്രശ്നങ്ങളാണ് ആറളത്ത് നിലനിൽക്കുന്നത്. ഭൂമികൊടുക്കുന്നതിനൊപ്പം പുനരധിവാസ പാക്കേജ് നടപ്പിലാക്കുമ്പോൾ മാത്രമാണ് ആദിവാസികളുടെ സ്ഥിതി മെച്ചപ്പെടുന്നത്. നാലും അഞ്ചും സെന്റ് സ്ഥലത്ത് ചെറിയ വീടുകളിൽ കഴിഞ്ഞിരുന്ന ആദിവാസികളാണ് ആറളത്ത് പുനരധിവസിപ്പിക്കപ്പെട്ടത്. ആറളത്തേക്ക് വരുമ്പോൾ ഒന്നും അവർക്ക് കൂടെകരുതാൻ ഉണ്ടായിരുന്നില്ല. പുതിയ സ്ഥലത്ത് വന്ന് അവിടെ കുടുംബം കെട്ടിപ്പടുക്കണമെങ്കിൽ അതിനാവശ്യമായ ഭൗതികസൗകര്യങ്ങൾ അവർക്ക് ആദ്യം നൽകേണ്ടി വരും. പുതിയ സ്ഥലമായതിനാൽ പ്രദേശത്തുള്ളവരെ അവർക്ക് പരിചയവുമില്ല. തൊഴിൽ സാധ്യതകൾ പുറത്ത് അന്വേഷിക്കാൻ അത് തടസ്സമാകുന്നുണ്ട്. അതുകൊണ്ടാണ് പുനരധിവാസ പാക്കേജ് നടപ്പിലാക്കണമെന്ന് ഞങ്ങൾ പറയുന്നത്. ഇപ്പോൾ അവിടെ 2000 കുടുംബങ്ങൾ ഉണ്ട്. ഇത്രയധികം ആളുകൾ വരുമ്പോൾ സർക്കാർ തൊഴിലിന്റെയും കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെയും കാര്യങ്ങൾ തീർച്ചയായും പരിഗണിക്കണം. ആദിവാസികളെ ആറളത്തേക്ക് പുനരധിവസിപ്പിക്കുന്നതിനൊപ്പം നടപ്പിലാക്കേണ്ടിയിരുന്ന കാര്യങ്ങളാണ് ഇത്. ഇനിയും വൈകരുത്.

### ആദിവാസി ഭൂമി പ്രശ്നം പരിഹരിക്കാത്തതിന്റെ കാരണമായി സർക്കാർ എന്തെല്ലാം വാദങ്ങളാണ് പറയുന്നത്? അതിൽ എന്തെങ്കിലും ന്യായമുണ്ടോ?

ഭൂമിയില്ല എന്നതുതന്നെയാണ് സർക്കാറിന്റെ പ്രധാന വാദം. പക്ഷെ അതിനാവശ്യമായ ഭൂമി ഇവിടെയുണ്ട് എന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. അത് കണ്ടെത്താനുള്ള ശ്രമം സർക്കാർ നടത്താത്തതാണ് പ്രശ്നം.

### വനാവകാശനിയമം വേണ്ടവിധം നടപ്പിലാക്കിയാൽ ഭൂമി പ്രശ്നം പരിഹരിക്കാൻ കഴിയു മോ?

കഴിയും. വനാവകാശ നിയമം കേരളത്തിൽ അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. വനാവകാശ നിയമം കുടികിടപ്പവകാശം പോലെയാണ് ഇടതുസർക്കാർ ഇവിടെ നടപ്പിലാക്കിയത്. കേന്ദ്രസർക്കാർ പാസാക്കിയ നിയമം അതിന്റെ അന്ത:സത്ത ചോരാത്ത രീതിയിൽ നടപ്പിലാക്കണമെന്നാണ് ഞങ്ങൾക്ക് യു.ഡി.എഫിനോട് പറയാനുള്ളത്. കേരളത്തിലെ ഭൂമി പ്രശ്നം വലിയ രീതിയിൽ പരിഹരിക്കാൻ വനാവകാശ നിയമത്തിന് കഴിയും.  വനത്തിനോട് ചേർന്ന് താമസിക്കുന്നവരാണ് വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നത്. വയനാട്ടിലെ ആദിവാസികളിൽ ബഹുഭൂരിപക്ഷം പേരും അങ്ങനെയാണ് താമസിക്കുന്നത്.

### വയനാട് ജില്ലയിൽ സി.പി.എമ്മിന്റെ സംഘടനയായ ആദിവാസി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ കുറേ ഭൂമിസമരങ്ങൾ നടന്നല്ലോ? അവരുടെ നിലപാട് ആത്മാർത്ഥമായി തോന്നുണ്ടോ?

നിലവിലുള്ള ഭൂസമരങ്ങളെ അട്ടിമറിക്കുന്ന തരത്തിലുള്ള സമരങ്ങളാണ് അവർ ഇവിടെ നടത്തിയത്. സി.പി.എം. ഭരിക്കുന്ന സമയത്ത് അവരുടെ ഒരു സംഘടന ഈ രീതിയിൽ സമരം നടത്തുന്നത് തന്നെ ശരിയല്ലല്ലോ. സർക്കാറിന് ആത്മാർത്ഥയുണ്ടായിരുന്നെങ്കിൽ  അവരുടെ സംഘടനയിലെ ഇത്രയും ആളുകൾ നാളുകളായി സമരം ചെയ്യാതെ തന്നെ പ്രശ്നം പരിഹരിക്കാമായിരുന്നു. ആദിവാസി ക്ഷേമ സമിതിയുടെ സമരത്തെ തുടർന്നാണ് ഒട്ടും ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കേണ്ടതില്ല എന്ന സർക്കാർ ഉത്തരവ് ഇറങ്ങുന്നത്. അത് നിലവിൽ വന്നാൽ സർക്കാറിന് ആർക്കും ഭൂമി കൊടുക്കേണ്ടി വരില്ല. കാരണം കോളനികളിൽ താമസിക്കുന്ന ആദിവാസികളിൽ ആരുടെയെങ്കിലും പേരിൽ ഒരേക്കർ ഭൂമിയെങ്കിലും അവിടെയുണ്ടാകും. മറ്റുള്ളവർക്കും പഞ്ചാ...

യത്തിൽ നിന്നും ബ്ലോക്കിൽ നിന്നും വീട് അനുവദിച്ച് കിട്ടുന്നതിനായി ഭൂമിയുള്ളയാൾ മൂന്ന് സെന്റും നാല് സെന്റുമെല്ലാം കൂടെയുള്ളവർക്ക് ദാനമായി നൽകാറുണ്ട്. പല കോളനികളും ഈ രീതിയിലാണ് ഉണ്ടായിട്ടുള്ളത്.

വീട് അനുവദിച്ച് കിട്ടുന്നയാൾ രണ്ട് സെന്റിന്റെയും ഒരു സെന്റിന്റെയുമെല്ലാം അവകാശിയായി മാറുന്നു. ഇങ്ങനെ ചെയ്തിട്ടും വീട് കിട്ടാത്തവരും നിരവധി പേരുണ്ട്. ഒരു സെന്റ് പോലും ഭൂമിയില്ലാത്തവർക്ക് മാത്രം ഭൂമി അനുവദിക്കും എന്ന സർക്കാർ തീരുമാനം ഫലത്തിൽ ഭൂരഹിതരായ ഇവരെ ഭൂമിയുടെ അവകാശത്തിൽ നിന്നും പുറത്താക്കുന്നു. യു.ഡി.എഫ് മന്ത്രിസഭ വന്ന ശേഷം ആ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. ശ്രേയാംസ് കുമാറിന്റെ ഭൂമിയാണ് ആദിവാസി ക്ഷേമസഭ മുഖ്യപ്രശ്നമായി ഉയർത്തിക്കൊണ്ടുവന്നത്. ശ്രേയാംസ് കുമാർ യു.ഡി.എഫ് മുന്നണിയിലേക്ക് മാറിയ ശേഷമാണ് എകെഎസ് സമരത്തിനിറങ്ങിയത്. ആദിവാസി ഭൂമിപ്രശ്നത്തോട് എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ അവർക്ക് ഇത് നേരത്തെ ചെയ്യാമായിരുന്നല്ലോ?

**ആദിവാസി മേഖലയിൽ ഒട്ടനവധി സംഘടനകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടല്ലോ? അവരോടുള്ള ഗോത്രമഹാസഭയുടെ നിലപാടെന്താണ്?**

എത്ര സംഘടനകളുണ്ടായാലും ആദിവാസിഭൂമി പ്രശ്നം പരിഹരിക്കുക എന്നതാണ് പ്രധാന വിഷയം. വാർത്ത സൃഷ്ടിക്കാനായി മാത്രം പ്രവർത്തിക്കുന്ന ചില സംഘടനകളുണ്ട്. അവരുടെ പ്രവർത്തനം പ്രശ്നപരിഹാരത്തിന് ഗുണം ചെയ്യില്ല.

**ഇത്രയധികം സംഘടനകളുണ്ടായിട്ടും ആദിവാസിഭൂമി പ്രശ്നം പരിഹരിക്കപ്പെടാത്തതിന് കാരണമെന്താണ്?**

ജാതീയത ഒരു മുഖ്യ പ്രശ്നമാണ്. കേരള രാഷ്ട്രീയത്തെ നിയന്ത്രിക്കുന്നത് ജാതിയാണ്. രാഷ്ട്രീയം നിയന്ത്രിക്കുന്ന വരേണ്യജാതിക്കാർ ആദിവാസികളെ അവഗണിക്കുന്നു. ജാതീയമായ അവഗണനയുടെ പരിഹാരം കൂടിയായാണ് ഭൂമിയുടെ രാഷ്ട്രീയം ഞങ്ങൾ മുന്നോട്ട് വയ്ക്കുന്നത്. ഭൂമിയുള്ളവർക്ക് മാത്രമാണ് കേരളത്തിലെ സാമൂഹിക ജീവിതത്തിൽ ഇടം ലഭിക്കുന്നത്. ഭൂമിയില്ലാത്തവർ സാമൂഹിക ജീവിതത്തിൽ നിന്നും പുറത്താക്കപ്പെടുന്നു. പൊതുസമൂഹത്തിന്റെ ഭാഗമാകുന്നതിനും രാഷ്ട്രീയവും ഭരണപരവുമായ പങ്കാളിത്തം കിട്ടുന്നതിനും ഭൂമിയുടെ അവകാശം പ്രധാനമാണ്. സ്വാശ്രയമായ ജീവിതാവസ്ഥ ഉണ്ടാക്കിയെടുക്കാൻ ഭൂമി അത്യാവശ്യമാണ്. ഭൂമിയില്ലാത്തവരാണ് ചൂഷണം നേരിടുന്നവരിൽ അധികവും. അത് തിരിച്ചറിയാനും അംഗീകരിക്കാനും പ്രായോഗികമായ നടപടികളെടുക്കാനും രാഷ്ട്രീയ നേതൃത്വങ്ങൾ തയ്യാറാകുമ്പോൾ മാത്രമാണ് ഭൂമിപ്രശ്നം പരിഹരിക്കപ്പെടുന്നത്.

**ഇന്ത്യയിലെമ്പാടും കോർപ്പറേറ്റ് വികസനത്തിന്റെ ദോഷങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വരുന്നത് ആദിവാസി ജനവിഭാഗങ്ങളാണ്. വൻകിട മൈനിംഗ് പദ്ധതികളും ഡാമുകളുമെല്ലാം ആദിവാസികളെ അവരുടെ പരമ്പരാഗത ആവാസവ്യവസ്ഥകളിൽ നിന്നും പിഴുതെറിയുന്നു. കേരളത്തിൽ സമാനമായ സാഹചര്യങ്ങൾ ഉണ്ടാകാൻ ഇടയുണ്ടോ?**

കേരളത്തിലെ ആദിവാസി മേഖലകളിലും അത്തരം വൻകിട വികസന പദ്ധതികൾ വരാനുള്ള സാധ്യകൾ നിലനിൽക്കുന്നുണ്ട്. വനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ മാത്രമാണ് അത് തടയാൻ കഴിയുന്നത്. വനങ്ങൾ മുഴുവൻ വന്യജീവി സങ്കേതങ്ങളും ടൈഗർ റിസർവുകളുമാക്കി മാറ്റുന്നതാണ് കേരളത്തിലെ മറ്റൊരു പ്രശ്നം. നിരവധി ആദിവാസികൾ അവരുടെ വാസസ്ഥലങ്ങളിൽ നിന്നും അക്കാരണത്താൽ കുടിയൊഴിപ്പിക്കപ്പെടും. വനം സംരക്ഷിക്കപ്പെടേണ്ടത് അവരെ കുടിയൊഴിപ്പിച്ചുകൊണ്ടാകരുത്. വനവിഭവങ്ങൾ കൊള്ളയടിക്കുന്നതിന് ആദിവാസികൾ തടസ്സമായി നിൽക്കുന്നതുകൊണ്ടാണ് പലരും അവരെ കാട്ടിൽ നിന്നും ഒഴിപ്പിക്കണമെന്ന് പറയുന്നത്. ആദിവാസികളെ ഒഴിവാക്കിക്കൊണ്ടുള്ള വനം സംരക്ഷണം ഫലത്തിൽ ഈ വനംകൊള്ളക്കാർക്കാണ് സഹായകമാകുന്നത്. കേരളത്തിൽ ഏതെങ്കിലും ആദിവാസികൾ വനംകൊള്ള നടത്തിയതായി ഇവർക്ക് ചൂണ്ടികാണിച്ചുതരാൻ കഴിയുമോ?

## പുസ്തകം കൈപ്പറ്റി




**കാർപുഴയിൽ കാരാപ്പുഴ പദ്ധതി തീർക്കുമ്പോൾ**
അരുൺ.പി.എ
പ്രസാധനം: ഫോറം ഫോർ പോളിസി ഡയലോഗ് ഓൺ വാട്ടർ കോൺഫ്ളിക്ട്സ് ഇൻ ഇന്ത്യ, കേരള സ്റ്റേറ്റ് സെന്റർ
വില: 50 രൂപ, പേജ്: 40



**എൻഡോസൾഫാൻ: നരകത്തിലേക്ക് തുറക്കുന്ന വാതിൽ**
എഡിറ്റർ: സലീം പൂപ്പലം
പ്രസാധനം: സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്
വില: 120 രൂപ, പേജ്: 250



**ആരോഗ്യവും ഭക്ഷണക്രമവും**
സമാഹരണം: മാതൃഭൂമി ആരോഗ്യമാസിക
പ്രസാധനം: മാതൃഭൂമി ബുക്സ്
വില: 90 രൂപ രൂപ, പേജ്: 172



**യു.ആർ. അനന്തമൂർത്തി പ്രഭാഷണം, സംഭാഷണം, നിരീക്ഷണം**
എഡിറ്റർ:
പ്രസാധനം: മാതൃഭൂമി ബുക്സ്
വില: 75 രൂപ രൂപ, പേജ്: 111